ഉത്തരം

(എ) ഉണ്ട്.

(ബി) 2002-2003 സാമ്പത്തിക വർഷം മുതൽ.

(സി) 2001-2002 വർഷത്തിൽ 71,06,776 രൂപ കരിങ്കല്ലിന്റെ റോയൽറ്റിയായി ലഭിച്ചിട്ടുണ്ട്.

(ഡി) 2002-2003 വർഷത്തിൽ കോമ്പൗണ്ടിംഗ് നിലവിൽ വന്നശേഷം 50,68,384 രൂപ കരിങ്കല്ലിന്റെ റോയൽറ്റിയായി ലഭിച്ചിട്ടുണ്ട്.

(ഇ) കോമ്പൗണ്ടിംഗ് അതാത് വർഷത്തേക്കാണ് നടത്തുന്നത്. ഈ നിയമത്തിനു സമയപരിധിയൊന്നും നൽകിയിട്ടില്ല.

(എഫ്) ആലോചനയിലില്ല.

ആലപ്പുഴ ജില്ലയിലെ എൽ. ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ

20 [4880] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ വ്യവസായ വകുപ്പിൽ നിലവിൽ എൽ.ഡി. ക്ലാർക്കുമാരുടെ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ ഒഴിവുകൾ ഒന്നുംതന്നെ ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

വ്യവസായ വകുപ്പിലെ ദിവസക്കൂലി നിയമനം

21 [4881] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ഇപ്പോൾ എത്ര പേർ ജോലി നോക്കിവരുന്നുണ്ട്;

(ബി) ഇവർ ഏതൊക്കെ തസ്തികകളിലാണ് ജോലി നോക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ ഏതൊക്കെ തസ്തികകൾക്കാണ് ഇപ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളത്;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും ദിവസക്കൂലി നിയമനം നടത്തുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(ഇ) പി.എസ്.സി. ലിസ്റ്റിൽ നിന്നും ക്ലാസ്-4 ജീവനക്കാരെ നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

ലോഹമണലിൽ നിന്ന് വേർതിരിക്കുന്ന ലോഹങ്ങൾ

22 [4882] ശ്രീ. വി. ജെ. പൗലോസ്:
„ ജോർജ്ജ് ജെ. മാത്യു:
„ തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസ്വായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമായ ലോഹമണലിൽ നിന്ന് എന്തെല്ലാം ലോഹങ്ങൾ വേർതിരിച്ചെടുക്കുവാൻ കഴിയും;

(ബി) സംസ്ഥാനത്ത് ഈ ലോഹമണലിൽ നിന്ന് എന്തെല്ലാം ലോഹങ്ങൾ വേർതിരിച്ചെടുക്കുന്നുണ്ട്;

(സി) അവയിൽ നിന്നും എന്തെല്ലാം മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള ഫാക്ടറികൾ സംസ്ഥാനത്തുണ്ട്;

(ഡി) ടൈറ്റാനിയം മെറ്റൽ ഉണ്ടാക്കുന്നുണ്ടോ; ഇല്ലാത്തപക്ഷം ടൈറ്റാനിയം മെറ്റൽ ഉണ്ടാക്കുവാനുള്ള ഒരു ഫാക്ടറി സ്ഥാപിക്കുവാൻ ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലോഹമണലിൽ നിന്ന് ടൈറ്റാനിയം, സിർക്കോണിയം എന്നീ ലോഹങ്ങൾ വേർതിരിച്ചെടുക്കാൻ കഴിയും.

(ബി) സംസ്ഥാനത്ത് ലോഹങ്ങൾ വേർതിരിച്ചെടുക്കുന്നില്ല.

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളായ കെ.എം.എം.എൽ.-ഉം., ഐ.ആർ.ഇ.എൽ.-ഉം ആണ് ധാതുമണലിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ഫാക്ടറികൾ. ഇവയിൽ കെ.എം.എം.എൽ. എന്ന സ്ഥാപനം ഇൽമനൈറ്റ് വേർതിരിച്ച് ടൈറ്റാനിയം ഡയോക്സൈഡും പിഗ്മെന്റും ഉണ്ടാക്കുന്നു. ഐ.ആർ.ഇ.എൽ. എന്ന സ്ഥാപനം ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കൺ

LIBRARY ARCHIVES Kerala Legislative Assembly